**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2248** **12-12-2022 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരം മുറി കേസ് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | മുട്ടിൽ മരം മുറി കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ക്രൈംബ്രാഞ്ച് വനം-വന്യജീവി വകുപ്പ്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ഉൾപ്പെട്ട ടീം രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നു. ശാസ്ത്രീയ പരിശോധന ആവശ്യമായതിനാൽ കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും മരങ്ങളുടെ ഡി.എൻ.എ. പരിശോധനയ്ക്കും പ്രായം നിർണ്ണയിച്ചിട്ടുള്ള സർട്ടിഫിക്കറ്റിനും, ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ നിന്നുള്ള ശാസ്ത്രീയ പരിശോധനയ്ക്കും സാമ്പിളുകൾ അയച്ചിരിക്കുയാണ്. പരിശോധനാ ഫലം ലഭിക്കാനുണ്ട്. |
| (ബി) | പ്രസ്തുത കേസിന്റെ അന്വേഷണം നീണ്ടുപോകാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസിന്റെ അന്വേഷണം നീളുന്നത് കേസിലെ പ്രതികളെ സംരക്ഷിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേസിന്റെ ശാസ്ത്രീയ പരിശോധനാ ഫലങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹു കോടതി മുമ്പാകെ സമർപ്പിക്കുന്നതാണ്. |
| (ഡി) | കേസിന്റെ അന്വേഷണം എപ്പോൾ അവസാനിക്കും എന്ന് വ്യക്തമാക്കാമോ? | (ഡി) | (സി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ